**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 30** **23-08-2022 - ൽ മറുപടിയ്ക്ക്**

**സർക്കാർ സർവ്വീസിലെ ഒഴിവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സർക്കാർ സർവ്വീസിലെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിൽ ഏതെങ്കിലും ഉദ്യോഗസ്ഥർ വീഴ്ച വരുത്തിയിട്ടുണ്ടോ; ഇത്തരത്തിൽ വീഴ്ചവരുത്തിയതിന്റെ അടിസ്ഥാനത്തിൽ ഏതെങ്കിലും ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ? | (എ) | ഒഴിവുകൾ യഥാസമയം PSCയ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നിയമനാധികാരികൾക്ക് കർശന നിർദ്ദേശം നൽകി വരുന്നുണ്ട്. ഇതിൽ വീഴ്ച വരുത്തുന്നവർക്കെതിരെ നടപടി സ്വീകരിക്കുമെന്നും വ്യക്തമാക്കിയിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറേറ്റിലും അനുബന്ധ സ്ഥാപനങ്ങളിലും ഉദ്യോഗസ്ഥ- ഭരണ പരിഷ്കാര (അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ )നടത്തിയ പരിശോധനയിൽ വിവിധ ജില്ലകളിൽ നിന്നും പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറേറ്റിൽ അറിയിച്ച കുക്ക്, ആയ, വാച്ച്മാൻ, ട്രൈബൽ വാച്ച്മാൻ, വാർഡൻ, മെസ്സ് ഗേൾ തുടങ്ങിയ തസ്തികകളിലെ നിരവധി ഒഴിവുകൾ ഡയറക്ടറേറ്റിൽ നിന്നും പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ലായെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഒഴിവുകളിൽ നിയമപ്രകാരം റിപ്പോർട്ട് ചെയ്യാവുന്ന എല്ലാ ഒഴിവുകളും അടിയന്തരമായി പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യുവാനും മതിയായ ഒഴിവുകളുണ്ടായിട്ടും അവ റിപ്പോർട്ട് ചെയ്യുന്നതിൽ വീഴ്ച വരുത്തിയ ബന്ധപ്പെട്ട എസ്റ്റാബ്ലിഷ്മെന്റ് സെക്ഷനിലെ EC2 സീറ്റിലെ ക്ലർക്കിനെ ഉടനടി സ്ഥലം മാറ്റുവാനും പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ